# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 183

08.03.2018 ൽ മറുപടിക്ക്

## നിർമ്മാണ മേഖലയിലെ പ്രതിസന്ധി

| ചോദ്യം | മറുപടി |
| --- | --- |
| ഡോ. എം.കെ.മുനീർ<br>ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ.പി.കെ.ബഷീർ | എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി) |
| (എ) നിർമ്മാണ സാമഗ്രികളുടെ വിലവർധന മൂലം സാധാരണക്കാർക്കൊപ്പം കെട്ടിട നിർമ്മാണ മേഖലയിലെ നിർമ്മാതാക്കളും തൊഴിലാളികളും അകപ്പെട്ടിരിക്കുന്ന പ്രതിസന്ധിയുടെ വ്യാപ്തി പരിശോധിക്കുകയുണ്ടായോ; | (എ) സർക്കാർ പരിശോധിച്ചിട്ടുണ്ട്. |
| (ബി) സാമ്പത്തിക വർഷത്തിനുള്ളിൽ പദ്ധതികൾ പൂർത്തിയാക്കണമെന്ന ചട്ടത്തിന്റെ മറവിൽ വൻകിട ക്രഷർ ഉടമകൾ അന്യായമായി വില വർദ്ധിപ്പിക്കുന്ന സാഹചര്യമുണ്ടോ; വ്യക്തമാക്കുമോ; | (ബി) ക്വാറി ഉൽപ്പന്നങ്ങളുടെ ലഭ്യത കറവ് മൂലം ക്വാറി ഉൽപ്പന്നങ്ങളും മറ്റ് നിർമ്മാണ സാമഗ്രികളും ഡിമാന്റിനനുസരിച്ച് സംസ്ഥാനത്തു ലഭ്യമാകുന്നില്ല. 02.12.2016 തീയതിയിലെ ബഹു.സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുള്ളതിനാൽ കരിങ്കല്ലുടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുകയും അതുവഴി കരിങ്കല്ലിനും കരിങ്കല്ല് ഉൽപ്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും നേരിയ വില വർദ്ധന ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. പാരിസ്ഥിതികാനുമതി ഉൾപ്പടെയുള്ള ലൈസൻസുകൾ നിർബന്ധമാക്കിയ സാഹചര്യത്തിൽ പ്രവർത്തിച്ചിരുന്ന ക്വാറികൾക്കും ഖനനം നിർത്തേണ്ടി വന്നു. ഇതോടൊപ്പം തന്നെ അലൈൻമെന്റ് പട്ടയങ്ങളിലും പരിസ്ഥിതിലോല പ്രദേശങ്ങളിലും പ്രവർത്തിച്ചു വന്നിരുന്ന ക്വാറികളും പ്രവർത്തനം അവസാനിപ്പിച്ചു. നിലവിൽ 600 - ൽ താഴെ കരിങ്കൽ ക്വാറികൾ മാത്രമേ കേരളത്തിൽ പ്രവർത്തിക്കുന്നുള്ളു. ചെങ്കൽ ക്വാറികൾക്കും നിബന്ധനകൾ ബാധകമായതിനാൽ ഇത്തരം ക്വാറികളും പ്രവർത്തനം നിർത്തിവയ്ക്കേണ്ടിവന്ന സാഹചര്യം സംജാതമായിട്ടുണ്ട്. ഇക്കാരണങ്ങൾ കൊണ്ട് ക്വാറി ഉൽപ്പനങ്ങൾക്കും നിർമാണ സാമഗ്രികൾക്കും ദൗർലഭ്യം നേരിടുകയും വില വർധനവുണ്ടാകുകയും ചെയ്തിട്ടുള്ളത്. |

| | |
|---|---|
| (സി) ഈ സാഹചര്യം പരിശോധിച്ച് പ്രസ്തുത പ്രതിസന്ധിക്ക് പരിഹാരം കാണാൻ ഇടപെടുമോ; വിശദമാക്കാമോ? | (സി) പാറയുടെയും മറ്റു നിർമ്മാണ സാമഗ്രികളുടെയും ദൗർലഭ്യവും തന്മൂലമുള്ള വിലവർദ്ധനയും പരിഹരിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br>1. 5-ഹെക്ടറിനു താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പരിസ്ഥിതിയാഘാത നിർണ്ണയ അതോറിറ്റി (DEIAA)-യേയും ജില്ലാതല അപഗ്രഥന സമിതി (DEAC) യേയും പ്രവർത്തനക്ഷമമാക്കി.<br>2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതി ലേയ്ക്ക് 22.06.2017 ലെ സ.ഉ(പി) 25/2017/ഐ.ഡി നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുന:സ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തിയിട്ടുമുണ്ട്.<br>4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>5. പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയ സാഹചര്യത്തിൽ കളിമണ്ണ് ഖനനത്തിന് ജില്ലാ കളക്ടറിൽ നിന്നുള്ള നിരാക്ഷേപ പത്രം ആവശ്യമാണെന്ന ചട്ടം ഒഴിവാക്കി.<br>6. 6 മീറ്റർ വരെ ആഴത്തിൽ ലാറ്ററൈറ്റ് (ബിൽഡിംഗ് സ്റ്റോൺ) ഖനനം ചെയ്യുന്നതിന് മൈനിങ് പ്ലാൻ തയ്യാറാക്കുന്നതിന് മാർഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.<br>7. തിരഞ്ഞെടുത്ത ഡാമുകളിൽ നിന്നും |

മണൽ / ചെളി എന്നിവ ശേഖരിച്ച് വിപണനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

8. അന്യ സംസ്ഥാനത്തു നിന്നും / വിദേശത്തുനിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിന് വേണ്ട മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.
9. നിർമ്മാണ സാമഗ്രികളുടെ വില വർദ്ധന മൂലം കെട്ടിട നിർമ്മാണ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി ബഹു. മുഖ്യമന്ത്രി ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും തൊഴിലാളി സംഘടനകളുടെ പ്രതിനിധികളുടെയും ഒരു യോഗം 06.03.2018 ന് വിളിച്ചു ചേർത്തിട്ടുണ്ട്.
10. കേരളത്തിൽ സിമന്റിന്റെ വില മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതൽ ആണെന്ന പരാതിയെ തുടർന്ന് ബഹു. മുഖ്യമന്ത്രി, ബഹു.വ്യവസായ മന്ത്രി എന്നിവരുടെ അദ്ധ്യക്ഷതയിൽ സിമന്റ് ഉത്പാദകരുടെ യോഗം വിളിക്കുകയും സിമന്റ് വില കുറയ്ക്കണമെന്ന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.
11. ക്വാറി ഉത്പന്നങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ട് എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്ക് ക്വാറി/ ക്രഷർ ഉടമകളുടെ യോഗം വിളിച്ച് ഉചിത നടപടികൾ എടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

Manjul

**സെക്ഷൻ ഓഫീസർ**